കുട്ടനാട്ടിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

170 (4456) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാകളക്ടർ മുഖാന്തിരം കുട്ടനാട്ടിൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) ഈ വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ കേരള വാട്ടർ അതോറിറ്റി അനുവദിച്ച പ്രവൃത്തികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതി ലഭിച്ച് ടെണ്ടർ നടത്തിയ പ്രവൃത്തികൾ

1. ചമ്പക്കുളം പഞ്ചായത്തിലെ മുണ്ടകത്തിൽ മുതൽ വാരിക്കാട് വരെ പൈപ്പ് സ്ഥാപിക്കൽ - 1.50 ലക്ഷം രൂപ.

2. ചമ്പക്കുളം പഞ്ചായത്തിലെ വലിയ പറമ്പുതോട് മുതൽ മലയമ്പറമ്പ് കോളനിവരെ പൈപ്പ് സ്ഥാപിക്കൽ - 1.50 ലക്ഷം രൂപ.

3. ചമ്പക്കുളം പഞ്ചായത്തിലെ മുണ്ടകത്തിൻപടി മുതൽ തെക്കോട്ടും വടക്കോട്ടും പൈപ്പ് ലൈൻ സ്ഥാപിക്കൽ - 2 ലക്ഷം രൂപ.

4. നെടുമുടി പഞ്ചായത്തിൽ ചമ്പക്കുളം ബി.എസ്.എൻ.എൽ. ജംഗ്ഷൻ മുതൽ പടിഞ്ഞാറേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ - 5 ലക്ഷം രൂപ.

5. വെളിയനാട് പഞ്ചായത്തിലെ കിടങ്ങറ ബസാർ AC കനാൽ പാലം മുതൽ തെക്ക് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ - 5 ലക്ഷം രൂപ.

6. മുട്ടാർ പഞ്ചായത്തിൽ മുട്ടാർ ടാങ്ക് സൈറ്റ് മുതൽ കൈതത്തോട് പാലംവരെ പൈപ്പ് സ്ഥാപിക്കൽ - 5 ലക്ഷം രൂപ.

7. എടത്വ പഞ്ചായത്തിൽ എസ്.എ. കോളേജ് മുതൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് വരെ പൈപ്പ് സ്ഥാപിക്കൽ - 3 ലക്ഷം രൂപ.

(ബി) താഴെപ്പറയുന്ന ആറ് പ്രവൃത്തികൾ അനുവദിച്ചു:

1. പള്ളാത്തുരുത്തിക്ക് തെക്ക് പമ്പ് ഹൗസിന് സമീപം കുഴൽ കിണർ സ്ഥാപിക്കുന്നതിന് - 6.50 ലക്ഷം രൂപ.

2. നെടുമുടി കിഴക്ക് പമ്പ് ഹൗസിലെ 10 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിന് - 3 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

3. കോയിൽമുക്ക് പമ്പ് ഹൗസിലെ 12.50 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിന് - 2.40 ലക്ഷം രൂപ.

4. പള്ളാത്തുരുത്തി വടക്ക് പമ്പ് ഹൗസിലെ 17.50 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിന് - 3.25 ലക്ഷം രൂപ.

5. തകഴി കുന്നുമ്മ പമ്പ് ഹൗസിലെ 12.50 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്നതിന് - 2.40 ലക്ഷം രൂപ.

6. രാമങ്കരിയിലും എടത്വായിലും പുതിയ വാൽവ് ചേമ്പർ നിർമ്മിക്കുന്നതിന് - 2.95 ലക്ഷം രൂപ.

കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുവഴി പ്രവൃത്തികൾ

171 (4457) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് വഴി 2012-13, 2013-14 എന്നീ വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; ഏതെല്ലാമാണ് പൂർത്തീകരിച്ചത്; ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് വഴി 2012-13, 2013-14 എന്നീ വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കുട്ടനാട്ടിലെ ജലനിരപ്പനുസരിച്ച് തോട്ടപ്പള്ളി സ്പിൽവേ ഷട്ടർ ഉയർത്തൽ

172 (4458) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ജലനിരപ്പ് ഉയരുന്നതനുസരിച്ച് തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടർ ഉറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്പിൽവേയുടെ ഷട്ടർ കൃത്യമായി ഉറക്കാത്തതിനാൽ പാടശേഖരങ്ങളിൽ മട വീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പിൽവേയുടെ ഷട്ടർ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly